സർവ്വകലാശാല ലൈബ്രറികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

39 (2042) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ലൈബ്രറികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(സി) ഓരോ സർവ്വകലാശാലയ്ക്കും എത്ര കോടി രൂപ വീതം അനുവദിച്ചു എന്നു വെളിപ്പെടുത്തുമോ ;

(ഡി) റഫറൻസ് പഠനത്തിനും ഗവേഷണത്തിനും സൗകര്യം നൽകുന്ന അന്തർദ്ദേശീയ നിലവാരത്തിലുള്ള സർവ്വകലാശാലാ ലൈബ്രറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കോളേജ് ലൈബ്രറികളുടെ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ലൈബ്രറികളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കെട്ടിടം, കമ്പ്യൂട്ടർവൽക്കരണം, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയ്ക്കായി 51.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ കേരള സർവ്വകലാശാല ലൈബ്രറിയുടെ നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ലൈബ്രറി കെട്ടിടത്തിന്റെ രണ്ടാംഘട്ട നവീകരണത്തിനായി 175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എം.ജി. സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ XI-ാം പദ്ധതി (2007-12) പ്രകാരം യൂണിവേഴ്സിറ്റി ലൈബ്രറിയുടെ വികസനത്തിന് 125 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2010-11 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച പ്രകാരം സർവ്വകലാശാലാ ലൈബ്രറികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഓരോ സർവ്വകലാശാലയ്ക്കും ഭരണാനുമതി നൽകിയ തുക താഴെ കൊടുക്കുന്നു :

കണ്ണൂർ യൂണിവേഴ്സിറ്റി	25 കോടി രൂപ
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല	8.30 കോടി രൂപ
എം. ജി. സർവ്വകലാശാല	3.20 കോടി രൂപ
കോഴിക്കോട് സർവ്വകലാശാല	3.02 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാല	6.55 കോടി രൂപ
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല	4.0871 കോടി രൂപ
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്	1.70 കോടി രൂപ

(ഇ) ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്.

കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന് പ്രത്യേക ഏജൻസിയെ നിയമിക്കണമെന്ന നിർദ്ദേശം

40 (2043) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനത്തിനായി പ്രത്യേക ഏജൻസിയെ നിയമിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകയുണ്ടായോ ;

(ബി) ഇക്കാര്യത്തിൽ സ്വകാര്യ കോളേജ് മാനേജ്മെന്റുകളുമായി എന്തൊക്കെ ചർച്ചകൾ നടത്തിയെന്നറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

അദ്ധ്യാപകരുടെ കാര്യശേഷി വികസനത്തിനായി നടപ്പിലാക്കിവരുന്ന പരിശീലന പരിപാടി

41 (2044) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപകരുടെ കാര്യശേഷി വികസനത്തിനായി നടപ്പിലാക്കിവരുന്ന പരിശീലന പരിപാടിയുടെ കാര്യക്ഷമതയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly